## കൃഷി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

62 (4450) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും അവ ഏതെല്ലാം കൃഷി ഓഫീസുകളിലാണെന്നും അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ 14 കൃഷി ഓഫീസുകളിലായി 14 കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നിലവിലുണ്ട്. പരുതൂർ, മരുതമല, വിളയൂർ, തിരുമിറ്റക്കോട്, കപ്പൂർ അമ്പലപ്പാറ, തൃത്താല, വെള്ളിനേഴി, ചെർപ്പുളശ്ശേരി, നെല്ലായ, പട്ടാമ്പി, ശ്രീകൃഷ്ണപുരം, ഷൊർണ്ണൂർ മുനിസിപ്പാലിറ്റി എന്നീ കൃഷിഭവനുകളിലും നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിലുമാണ് ഓരോ ഒഴിവുകൾ വീതം നിലവിലുള്ളത്.

## അരൂർ മണ്ഡലത്തിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

63 (4451) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ?

അരൂർ മണ്ഡലത്തിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിലില്ല. പെരുമ്പളം കൃഷിഭവനിൽ രണ്ടും തുറവൂർ, പട്ടണക്കാട് കൃഷിഭവനുകളിൽ ഓരോന്ന് വീതവും കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുറ്റ്യാടി മണ്ഡലത്തിലെ കൃഷി ഭവനുകളിലെ നിയമനം

64 (4452) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly